Bishop MM John Lectures in Recent Trends in Higher Education:22 March 2019

[redacted]


BISHOP MOORE











Ekbal Bappukunju
30 March at 14:14

Follow

കേരളത്തിലെ പ്രശസ്തമായ ആർട്ട് ആന്റ് സയൻസ് കോളേജുകളിലൊന്നായ മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ ഈ വർഷത്തെ ബിഷപ്പ് ഡോ എം എം ജോൺ അനുസ്മരണം പ്രഭാഷണം നടത്താൻ ഭാഗ്യമുണ്ടായി. "ഉന്നത വിദ്യാഭ്യാസമേഖലയിലെ നവീന പ്രവണതകൾ" എന്ന വിഷയത്തെ അധികരിച്ചാണ് സംസാരിച്ചത്.

ബിഷപ്പ് എം എം ജോൺ (1906-1987) സി എസ് ഐ മധ്യകേരള രൂപതയുടെ രണ്ടാമത്തെ ബിഷപ്പായി പതിനാറുവർഷം സേവനം അനുഷ്ഠിച്ചു. ഉല്പതിഷ്ണുവായ സാമൂഹ്യ പരിഷ്കർത്താവായിരുന്ന ബിഷപ്പ് ജോൺ അധസ്ഥിതരുമായ ഐക്യപ്പെടുക എന്ന ഉന്നത കൃസ്തീയമൂല്യങ്ങളിൽ അടിയുറച്ച് വിശ്വസിക്കയും .പ്രാന്തവൽക്കരിക്കപ്പെട്ടവർക്കായി നിരവധി പരിഷ്കാരങ്ങൾ സഭയിൽ ധീരതയോടെ നടപ്പാക്കയും ചെയ്ത മഹത് വ്യക്തിയായിരുന്നു. സിറിയൻ ഇടവകകളിൽ ദളിത് പുരോഹിതരെ നിയോഗിച്ച് സഭാ നവീകരണത്തിന് തുടക്കം കുറിച്ച ആദ്യത്തെ ബിഷപ്പായിരുന്നു അദ്ദേഹം. ദരിദ്ര വിദ്യാർത്ഥികൾക്കായി അദ്ദേഹം ഏതാനും ഹോസ്റ്റലുകൾ ആരംഭിച്ചു. ബിഷപ്പ് മൂർ കോളേജ്, ഹീറ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, സി എം എസ് ഇൻഡസ്ട്രിയൽ സ്കൂൾ, തോലശേരി നെയ്ത്ത് സ്കൂൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു.

ബിഷപ്പ് ജോൺ മുൻ കൈയ്യെടുത്ത് മല്ലപ്പള്ളിയിൽ 1971 ആരംഭിച്ച ജോർജ്ജ് മാത്തൻ മെമ്മോറിയൽ ആശുപത്രിയിൽ ആദ്യത്തെ ഡോക്ടറായി നാലുമാസക്കാലം (1971 സെപ്റ്റംബർ-ഡിസംബർ) സേവനം അനുഷ്ഠിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചിരുന്നു. മെഡിക്കൽ വിദ്യാഭ്യാസം കഴിഞ്ഞ് എന്റെ പ്രൊഫഷണൽ ജീവിതം ആരംഭിച്ചത് ജോർജ്ജ് മാത്തൻ മെമ്മോറിയൽ ആശുപത്രിയിലായിരുന്നു.

പതിതരോടുള്ള ഐക്യവും സഹാനുഭൂതിയും ജീവിതത്തിലുടനീളം പുലർത്തിയിരുന്ന ബിഷപ്പ് എം എം ജോണിന്റെ ദീപ്ത സ്മരണക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.